പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നമ്പർ: 4489

26.06.2014-ൽ
മറുപടിയ്ക്ക്

## കയർ മേഖലയിൽ സ്റ്റാർട്ട് അപ്പ് ഇൻകുബേറ്റർ

| ചോദ്യം<br>ശ്രീ. പാലോട് രവി<br>,, അൻവർ സാദത്ത്<br>,, എ.റ്റി. ജോർജ്<br>,, ഷാഫി പറമ്പിൽ | ഉത്തരം<br>ശ്രീ.അടൂർ പ്രകാശ്<br>(റവന്യൂവും കയറും വകുപ്പമന്ത്രി) |
|---|---|
| എ) കയർ മേഖലയിൽ സ്റ്റാർട്ട് അപ് ഇൻകുബേറ്റർ തുടങ്ങാനുദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ; | എ) 2013-14 ബഡ്ജറ്റ് പ്രസംഗത്തിൽ, കയർമേഖലയിൽ നൂതന ആശയങ്ങൾ പ്രയോജനപ്പെടുത്തി പുതിയ സാങ്കേതിക വിദ്യകളും ഉല്പ്പന്നങ്ങളും വികസിപ്പിക്കുന്നതിനുവേണ്ടി ഒരു ഇന്നവേഷൻ ഫണ്ടും നൂതന ഉല്പ്പന്നങ്ങൾ നിർമ്മിക്കുന്ന പുതിയ ബിസിനസ് സംരംഭങ്ങളെ സഹായിക്കുന്നതിനായി ഒരു കയർ ഇൻകുബേഷൻ സെല്ലും രൂപീകരിക്കുന്നതാണ് എന്ന് പ്രഖ്യാപിച്ചിട്ടുണ്ട്. അതു നടപ്പിലാക്കാൻ നടപടി സ്വീകരിച്ചുവരുന്നു. |
| ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത്; വിവരിക്കുമോ; | ബി) കയർ മേഖലയിൽ പുതിയ ആശയങ്ങൾ പ്രയോജനപ്പെടുത്തി പുതിയ സാങ്കേതിക വിദ്യകളും ഉല്പ്പന്നങ്ങളും വികസിപ്പിക്കുക, നൂതന സാങ്കേതിക വിദ്യകളും ആശയങ്ങളും പദ്ധതികളും ഉപയോഗിച്ച് നൂതന ഉല്പ്പന്നങ്ങൾ നിർമ്മിക്കുന്നതിനുള്ള ബിസിനസ് സംരംഭങ്ങളെ സഹായിക്കുക തുടങ്ങിയവയാണ് പ്രധാന ഉദ്ദേശ്യ ലക്ഷ്യങ്ങൾ. |
| സി) കയർ മേഖലയിൽ യുവസംരംഭകരെ ആകർഷിക്കാൻ എന്തെല്ലാം കാര്യങ്ങളാണ് ഉൾപ്പെടുത്തിയിരിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം; | സി) നൂതന ആശയങ്ങൾ, പുതിയ സാങ്കേതികവിദ്യ,നൂതന കണ്ടുപിടുത്തങ്ങൾ എന്നിവ പങ്കുവെയ്ക്കാൻ കഴിവുള്ള യുവസംരംഭകരെ കയർ മേഖലയിലേയ്ക്ക് ആകർഷിക്കുവാൻ ഈ പദ്ധതി |

| | |
|---|---|
| | സഹായകമാകുമെന്ന് കരുതുന്നു. |
| ഡി) ആരെല്ലാമാണ് ഇതിന്റെ പ്രവർത്തനങ്ങളുമായി സഹകരിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം? | ഡി) നൂതന ആശയങ്ങൾ പ്രയോജനപ്പെടുത്തി നൂതന ഉല്പ്പന്നങ്ങൾ നിർമ്മിക്കുന്ന വ്യക്തികൾക്ക്/ സ്ഥാപനങ്ങൾക്ക്/ഏജൻസികൾക്ക് ഇതിന്റെ സഹായം ലഭിക്കുന്നു. കയർ മേഖലയിലെ ഗവേഷണ വികസന സ്ഥാപനമായ എൻ.സി.ആർ.എം.ഐയുടെ ആഭിമുഖ്യ ത്തിലാണ് ഈ പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്. |

സെക്ഷൻ ഓഫീസർ